## ലേൺ ദി ഖുർആൻ സ്റ്റുഡൻസ് എക്സാം - 2025

## റിയാദ് ഇന്ത്യൻ ഇസ്ലാഹി സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി

## വർക്ക്ഷീറ്റ്

## അമ്മ ജുസ്അ്

1 ആനക്കലഹത്തെ കുറിച്ച് പറഞ്ഞ അദ്ധ്യായത്തിൻ്റെ പേര് ?

*സൂറ: ഫീൽ✅
*സൂറ ഫലഖ്
*സൂറ മുത്തഫ്ഫീൻ

2 സൂറത്തു അസ്റിൽ പരലോക നഷ്ടക്കാരിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു കൽപിക്കുന്ന ഏതെങ്കിലും രണ്ട് കാര്യങ്ങൾ?

* സത്യവിശ്വാസം, ക്ഷമ ✅
* നമസ്കാരം,സക്കാത്ത്
* നോമ്പ് സ്വദക്ക

3. സത്യവിശ്വാസം, തക്കാസുർ ( പരസ്പ്പരം പെരുമ കാണിക്കുൽ) മൂലം നിങ്ങൾ അശ്രദ്ധരായത് എന്തിൽ നിന്നാണ് ?
*ഭാവിജീവിതം (പരലോകം)✅
* ഇഹലോക ജീവിതം
* ഖബർ ജീവിതം

4. സൂറ: ആദിയാത്തിൽ മനുഷ്യന് കഠിനസ്നേഹം എന്തിനോടാണ് കാണുന്നത് ?
* ദുനിയാവിനോട്
* സ്വശരീരത്തോട്
* പണത്തിനോട്✅

5. അന്ത്യനാളിൻ്റെ കാഠിന്യം മാത്രം പറയുന്ന ഒരു സൂറത്തിൻ്റെ പേര് ?
* ആദിയാത്
* സിൽസാൽ✅
*ഖാരി അ

6. ബയ്യിന സൂറത്തിലെ 'ബയ്യിന' (വ്യക്തമായ തെളിവ്) കൊണ്ടുവന്നതാര് ?
*ജിബ്‌രീൽ

*റസൂൽ (സ)✅
*ജിന്ന്

7. ലൈലത്തുൽ ഖദ്റിൻ്റെ പുണ്യം എത്രയാണ് ?
* 5000 മാസങ്ങളേക്കാൾ പുണ്യം
* 10000 മാസങ്ങളേക്കാൾ പുണ്യം
* 1000 മാസങ്ങളേക്കാൾ പുണ്യം✅

8. ആദ്യമായി അവതരിച്ച ഖുർആൻ വചനത്തിൽ പറഞ്ഞ പഠന ഉപകരണത്തിന്റെ പേര് ?
*പേന✅
* പുസ്തകം
* തൂവൽ

9. മനുഷ്യസൃഷ്ടി നല്ല പാകതയിലാണെന്ന് പറയാൻ സത്യം ചെയ്ത് പറഞ്ഞ രണ്ട് ഭക്ഷണസാധനങ്ങൾ ഏവ ?
*ഗോതമ്പ്, പയർ
* അത്തിയും ഒലീവും✅
*തേൻ, ഫലങ്ങൾ

10. മുഅവ്വിദാത്ത് (രക്ഷ നൽകുന്നത്) എന്നറിയപ്പെടുന്ന 2 സൂറത്തുകൾ?
*നാസ്, ഫലഖ്✅
*ഇഖ്ലാസ്, കാഫിറൂൺ
*മസദ്, നസ്ർ

11. സൂറത്തുൽ ഹുമുസയിൽ നാശം എന്ന് പറഞ്ഞ ആർക്കാണ്?
*കളവ് പറയുന്നവർ
*നമസ്ക്കരിക്കാത്തവർ
*കുത്തിപ്പറയുന്നവർ ✅

12.മുഹമ്മദ് (നബി)എല്ലാ രാത്രിയിലും ഉറങ്ങുന്നതിന് മുമ്പ് ഓതിയിരുന്ന 3 സൂറത്തുകൾ ഏവ?
*നാസ്, ഇഖ്ലാസ്, കാഫിറൂൻ
* നാസ്, ഫലഖ്, ഇഖ്ലാസ്✅
*കാഫിറൂൻ, നസ്ർ, ഇഖ്ലാസ്

13. യാത്രയയപ്പിന്റെ അദ്ധ്യായം എന്നറിയപ്പെടുന്ന സൂറത്ത് ?
*സൂറത്തു നസ്ർ✅
*സൂറ ബഖറ

*സൂറ നാസ്

14. സൂറത്ത് ഇഖ്ലാസിൽ പ്രസ്താവിച്ച അല്ലാഹുവിൻ്റെ പരിശുദ്ധ ഗുണങ്ങൾ എത്ര ?
*4
*6
* 5✅
15. ഖുർആനിൽ പേര് പറയപ്പെട്ട നബി(സ)യുടെ ഉറ്റബന്ധു ?
* അബൂലഹബ്✅
* അബു താലിബ്
* അബു ജഹൽ

16. നബി (സ) യുടെ പിതൃവ്യൻ അബൂലഹബിൻ്റെ യഥാർത്ഥ നാമം ?
*അബ്ദുൽ ഉസ്സ✅
*അബ്ദുല്ലഹ്
*ഹംസ

17. അല്ലാഹുവിൻ്റെ കടുത്തകോപത്തിന് പാത്രമായ അബൂലഹബിന്റെ ഭാര്യയുടെ പേര്?
*ഉമ്മു കുൽസൂ
*ഉമ്മു ജമീൽ✅
*ഹിന്ദ്

18. നബി (സ) യുടെ വിയോഗത്തിന് അൽപം മുമ്പായി അവതരിച്ച അദ്ധ്യായം ?
*സൂറത്ത് നസ്ർ✅
*സൂറത്ത് നാസ്
*സൂറത്ത് ഫലഖ്

19. ബദ്റിൽ പങ്കെടുത്ത വൃദ്ധരായ സ്വഹാബികളോടൊപ്പം ഉമർ(റ) തന്റെ സദസ്സിലിരുത്തിയ 13
വയസ്സുകാരനായ ബാലൻ ?
*ഇബ്നു ഉമർ
*ഇബ്നു മസ്ഊദ്
* ഇബ്നു അബ്ബാസ് (റ)✅

20. മതങ്ങളെല്ലാം ഒന്നാണ് എല്ലാവർക്കും എല്ലാ മതങ്ങളും പിൻപറ്റാം എന്നിങ്ങനെ ജൽപിക്കുന്ന
ആളുകൾക്ക് അല്ലാഹു മുന്നറിയിപ്പ് നൽകുന്ന സൂറത്താണ്
* സൂറത്തുൽ കാഫിറൂൻ✅
*സൂറത്തുൽ തക്കാസുർ

*സൂറത്തുൽ   ഫീൽ

21. നബി(സ)ക്ക് സ്വർഗ്ഗത്തിൽ നൽകപ്പെട്ടിട്ടുള്ള അരുവി (തടാകം) ?
* തേനിന്റെ തടാകം
*ഹൗളുൽ കൗസർ✅
*പാലിന്റെ തടാകം

22. എൻ്റെ ഹൃദയം
വിശാലമാക്കി തരണേ എന്ന് പ്രാർത്ഥിച്ച പ്രവാചകൻ ?
*മുഹമ്മദ് (നബി)
* ഇബ്രാഹിം (അ)
*മൂസ (അ)✅

23. നബി (സ) യുടെ സ്വഹാബികൾ തമ്മിൽ കണ്ടുമുട്ടിയാൽ പരസ്പരം
ഓതിക്കേൾപ്പിക്കുന്ന
അദ്ധ്യായം ?
* സൂറത്തുൽ അസ്ർ✅
*സൂറത്തുൽ ഫീൽ
*സൂറത്തുൽ ബഖറ

24. അസ്ർ എന്ന പദത്തിന്റെ അർത്ഥം ?
*നഷ്ടം
*കാലം✅
*പ്രഭാതം

25. ഖുർആനിലെ എല്ലാ വിജ്ഞാനങ്ങളും അതുൾക്കൊള്ളുന്നു എന്ന് ഇമാം ശാഫിഈ (റ)
പ്രസ്താവിച്ചത് ഏത് അദ്ധ്യായത്തെ കുറിച്ചാണ് ?
* സൂറത്തുൽ അസ്ർ✅
*സൂറത്തുൽ നസ്ർ
*സൂറത്തുൽ ബഖറ

26. ഹുത്വമ എന്നാലെന്ത് ?
* കത്തിയാളുന്ന ജലം
* ജ്വലിക്കപ്പെട്ട അഗ്നി✅
* രക്ത പുഴ

27. ഖുറൈശ് ഗോത്രത്തിന് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു
അവർക്ക് നൽകുന്ന ഉദ്ബോധനം ?

* നമസ്ക്കരിക്കുക
* ഈ കഅ്ബാലയത്തിൻ്റെ റബ്ബിനെ ആരാധിക്കുക ✅
*നന്മയിലേക്ക് വരുക

28. വിശുദ്ധ കഅ്ബയുടെ ശുശ്രൂഷകരും ഭരണാധിപരുമായ അറബികളിൽ പ്രശസ്തരായ
ഗോത്രക്കാർ?
*ഖുറൈശികൾ ✅
*ബനൂ നദീർ
*ബനൂ കുറൈള

29. ഏത് വിഭാഗമാണ് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവർ? സൂറ മാഊൻ
* കപടവിശ്വാസികൾ ✅
*സത്യനിഷേധികൾ
*അക്രമം പ്രവർത്തിക്കുന്നവർ

30. ചൂളവെച്ച കല്ലു കൊണ്ട് അല്ലാഹു ശിക്ഷയിറക്കിയത് ഏത് പ്രവാചകൻ്റെ സമുദായത്തിനാണ് ?
*ഹൂദ (നബി)
*മുസ (നബി)
* ലൂത്ത് നബി (അ) ✅

31. സൂറത്തുൽ ഫീലിൽ പറഞ്ഞ പക്ഷികളുടെ പേര് എന്ത്?
*ഹുദ് ഹുദ്
*അബാബീൽ ✅
*കാക്ക

32. വിശുദ്ധ കഅ്ബ പൊളിച്ച് നീക്കാൻ വന്ന ആനപ്പട്ടാളത്തെ നയിച്ചത് ആര് ?
*അബ്രഹത്ത് ✅
*അബൂ ജഹൽ
*ഉതുബത്

33. ഹൃദയ വിശാലത നൽകപ്പെട്ടവരിൽ ഒന്നാമത്തെ ആൾ എന്ന്
വിശേഷിപ്പിക്കാവുന്നത് ?
*നബി (സ)യെ ✅
* നുഹ് (നബി)
*ഇബ്രാഹിം (നബി)

34. ഹാവിയ എന്നാൽ എന്ത് ?
* വീശിയടിക്കുന്ന തീ
*അത്യഗാധമായ അഗ്നി✅
*തിളച്ചു മറിയുന്ന തീ

35. പരലോകത്ത് തൃപ്തികരമായ ജീവിതം കൈവരിക്കുന്നവർ ആര് ?
*നോമ്പ് നോറ്റവർ
*സകാത് കൊടുത്തവർ
*സൽകർമ്മങ്ങൾക്ക് ഭാരം ലഭിച്ചവർ✅

36 عاديات.
എന്ന പദത്തിൻ്റെ അർത്ഥം?
*കിതച്ചോടുന്നവ✅
*കുതിച്ചോടുന്നവ
*പാഞ്ഞോടുന്നവ

37. നരകത്തിലെ ഊക്കന്മാരായ ശിക്ഷയുടെ മലക്കുകൾക്ക് പറയുന്ന പേര് ?
*മാലിക്
*റിസ്‌വാൻ
*സബാനിയത്ത്✅

38. നബി (സ) നമസ്ക്കരിക്കുമ്പോൾ അദ്ദേഹത്തെ തടസ്സപ്പെടുത്തുമെന്ന് വെല്ലുവിളിച്ച സൂറ അലഖിൽ
പരമർശിക്കപ്പെട്ട വ്യക്തി ?
* അബൂജഹൽ✅
*അബൂ ലഹബ്
*അബൂ ത്വാലിബ്

39. സിൽസാൽ എന്ന വാക്കിൻ്റെ അർത്ഥം ?
*ബൂചലനം
* പ്രകമ്പനം✅
*ഇളക്കം

40. ഇബ്രാഹീം (അ) ൻ്റെ പാരമ്പര്യ നടപടികൾക്ക് വിരുദ്ധമായി ഭിന്നിച്ച കക്ഷികൾ ?
* സത്യനിഷേധികൾ
*അക്രമം ചെയ്തവർ
* വേദക്കാർ✅

41. ഖുർആൻ അവതരിച്ച അനുഗ്രഹീത രാത്രി ഏത് മാസത്തിലാണ് ?
*ദിൽ ഹിജ്ജ മാസം
* റമദാൻ മാസത്തിൽ ✅
*മുഹറം മാസം

42. സൂറത്ത് ആദിയാത്തിൽ  കുതിരകളെ
കൊണ്ട് സത്യം ചെയ്ത് കൊണ്ട് അല്ലാഹു പ്രസ്താവിക്കുന്ന മനുഷ്യൻ്റെ ഒരു പൊതു സ്വഭാവം ?
* നന്ദികേട് ✅
*അനുസരണക്കേട്
*അഹങ്കാരം

43. ഒരു അടിയാൻ തൻ്റെ റബ്ബിനോട് ഏറ്റവും അടുത്തായിരിക്കുന്ന അവസരം ?
*റുക്കൂഇൽ
* സുജൂദിൽ ✅
*താക്ബീറത്തുൽ ഇഹ്റാമിൽ

44. ഖദീജ (റ) വിന്റെ പിതൃവ്യ പുത്രനും നബി(സ)ക്ക് നുബുവ്വത്ത് ലഭിച്ച കാലഘട്ടത്തിൽ
ജീവിച്ചിരുന്നതുമായ പണ്ഡിതൻ ?
*ഖാലിദ് ഇബ്നു വലീദ്
*അബ്ദുല്ലഹ് ഇബ്നു മസ്ഊദ്
* വറഖത്ത് ബ്നു നൗഫൽ ✅

45. ഖുർആൻ പേരെടുത്ത് പറഞ്ഞ് സത്യം ചെയ്യുന്ന ഔഷധ വീര്യമുള്ള 2 ഫലങ്ങൾ ?
*അത്തിയും, ഒലീവും ✅
*റുമ്മാൻ, മുന്തിരി
*തേൻ,കാരക്ക

46. ഇസ്രായേല്യരുടെ ചരിത്രവുമായി ഒട്ടേറെ ബന്ധപ്പെട്ട് കിടക്കുന്ന ഒരു പർവ്വതം ?
*സീനാ ✅
*ജൂതിയ്യ
*ജബൽ നൂർ

47. അധികം ആളുകളും വഞ്ചിതരാക്കപ്പെടുന്ന 2 അനുഗ്രഹങ്ങൾ?
*സമ്പത്ത്, ആരോഗ്യം
* മക്കൾ, മാതാപിതാക്കൾ
* ആരോഗ്യവും ഒഴിവ് സമയവും ✅

48. ധനം എന്നത് വസ്തുക്കളുടെ ആധിക്യം കൊണ്ടുള്ളതല്ല, മനസ്സിൻ്റെ ധന്യതയാണ് ധനം. ഇതാരുടെ
വാക്കുകൾ ?
* നബി(സ)യുടെ ✅
* പ്രവാചകന്മാർ
*മലക്ക്

49. ഥമൂദ് ഗോത്രത്തിന് മേൽ അല്ലാഹു ശിക്ഷ നടപ്പിലാക്കിയത് എപ്രകാരം ?
* വെള്ളപ്പൊക്കം
*ഭൂകമ്പവും ഉഗ്രശബ്ദവും ✅
*ശക്തമായ മഴ

50. സ്വാലിഹ് നബി(അ)ക്ക് ദൃഷ്ടാന്തമായി അല്ലാഹു നൽകിയ അനുഗ്രഹം ?
* ഒട്ടകം ✅
*ആന
*കുതിര

51. അല്ലാഹു പവിത്രമാക്കിയ മൂന്ന് ഹറമുകളിൽ മൂന്നാമത്തേത് ഏത് ?

A. മസ്ജിദ് അൽ ഹറാം
B. ബൈതുൽ മുഖദ്ദിസ് ✅
C. മസ്ജിദ് അൻനബവി

3 52. മക്കാവിജയം നടന്ന വർഷം ?

A. ഹിജ് 6
B. ഹിജ് 7
C. ഹിജ് 8 ✅

53. അടിമയായിരുന്ന ബിലാൽ (റ) വിനെ മോചിപ്പിച്ച സ്വഹാബിവര്യൻ ?

A. അബൂബക്കർ സിദ്ദീഖ് (റ) ✅
B. ഉമർ ഇബ്നു അൽ ഖത്താബ് (റ)
C. അലി ഇബ്നു അബി താലിബ് (റ)

54. അല്ലാഹു പത്ത് രാത്രികളെ കൊണ്ട് സത്യം ചെയ്തതിൻ്റെ ഉദ്ദേശം; പ്രബലമായ അഭിപ്രായം ?

A. ദുൽ ഹജ്ജ് മാസത്തിലെ ആദ്യപത്ത് ✅

B. റമളാൻ മാസത്തിലെ അവസാന പത്ത്
C. മുഹറം മാസത്തിലെ ആദ്യ പത്ത്

55. അല്ലാഹുവിൻറെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്ന് അരുളിച്ചെയ്ത ഏത്
പ്രത്യേക മാസത്തിലെ പത്ത് ദിവസങ്ങൾ ആണ് ?

A. ദുൽ ഹജ്ജ് ✅
B. റമളാൻ
C. മുഹറം

56. തൂണിൻ്റെ ആളുകൾ എന്നറിയപ്പെടുന്ന സമുദായം ?

A. ആദ് ✅
B. സമുധാർ
C. തറൂദ്

57. അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ പ്രകടമാക്കേണ്ടത് എങ്ങിനെ ?

A. നന്ദിപൂർവ്വം ✅
B. പ്രാർത്ഥനാമൂല്യം
C. മറ്റുള്ളവരെ സഹായിച്ചു

58. ശരീരത്തിന് ഗുണം നൽകാത്ത, നരകവാസികളുടെ ഭക്ഷണം എന്ത് ? (സൂറത്തുൽ ഗാശിയ)

A. ളരിഅ് ✅
B.സക്കൂം
C.ഹാമീം

59. രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും ജുമുഅ നമസ്കാരത്തിലും നബി (സ) ഓതാറുണ്ടായിരുന്ന 2
സൂറത്തുകൾ ?

A. സൂറത്ത് അഅ്ലാ, സൂറത്ത് ഗാശിയ ✅
B. സൂറത്ത് കാഫിറൂൻ, സൂറത്ത് ഇഖ്ലാസ്
C. സൂറത്ത് ഫില, സൂറത്ത് ഹുമാസ

60. വിത്ർ നമസ്കാരത്തിൽ നബി (സ) ഓതാറുണ്ടായിരുന്ന 3 സൂറത്തുകൾ ?

A. അഌ്ലാ, കാഫിറൂൻ, ഇഌ്ലാസ് ✅
B. സൂറത്ത് ഗാശിയ, സൂറത്ത് അഌ്ലാ, സൂറത്ത് ഫില
C. സൂറത്ത് ഫാതിഹ, സൂറത്ത് നസ്ർ, സൂറത്ത് ഇഌ്ലാസ്

61. ഒന്ന് മൂന്ന് എന്നിങ്ങനെ ഒറ്റയായ റക്അത്ത് കൊണ്ട് അവസാനിപ്പിക്കുന്ന രാത്രിയിലെ സുന്നത്ത്
നമസ്കാരം ?

A. വിത്ർ ✅
B. തഹജ്ജുത്
C. ഇഷാ

62. ജിബ്‌രീൽ (അ) എല്ലാ രാത്രിയും നബി (സ) യെ സന്ദർശിക്കുകയും ഖുർആൻ പാഠം
നോക്കുകയും ചെയ്തിരുന്ന മാസം ?

A. റമദാൻ ✅
B. മുഹറം
C. ഷവാൽ

63. മനുഷ്യന്റെ കർമങ്ങളെല്ലാം വീക്ഷിച്ച് കൊണ്ടിരിക്കുകയും എഴുതി രേഖപ്പെടുത്തുകയും ചെയ്യുന്ന
ചില പാറാവുകാർ എല്ലാവരുടേയും കൂടെ ഉണ്ടെന്ന് ഖുർആൻ പറയുന്നു, ആരാണവർ ?

A. ജിന്ന്
B. മലക്കുകൾ ✅
C. മനുഷ്യർ

64. മുമ്പിലൂടെയും പിമ്പിലൂടെയും അല്ലാഹുവിന്റെ അനുമതി പ്രകാരം മനുഷ്യനെ കാത്ത് സൂക്ഷിച്ച് കൊണ്ടിരിക്കുന്നവർ ആരാണ് ?

A. ജിന്നുകൾ
B. മലക്കുകൾ ✅
C. മുഅ്മിനുകൾ

65. അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഖുർആനടക്കം പലതും രേഖപ്പെടുത്തി വെക്കപ്പെട്ടിട്ടുള്ള ജ്ഞാനരേഖ ?

A. ലൗഹുൽ മഹ്ഫൂള് ✅

B. സിജ്ജീൻ
C. ഇല്ലിയൂൻ

66. സൂറത്ത് ബുറൂജിലെ ചരിത്രത്തിൽ പറയുന്ന കുട്ടിക്ക് അല്ലാഹുവിൽ വിശ്വാസം ഉണ്ടായത് ആര്
മുഖേനയാണ് ?

A. റാഹിബിൽ നിന്ന് (പുരോഹിതനിൽ) ✅
B. പിതാവിൽ നിന്ന്
C. അദ്ധ്യാപകനിൽ നിന്ന്

67. ഖിയാമത്ത് നാളിൽ ലഘുവായ വിചാരണ ലഭിക്കുന്നത് ഏത് കയ്യിൽ ഗ്രന്ഥം നൽകപ്പെടുന്നവർക്കാണ് ?

A. ഇടത് കയ്യിൽ
B. വലത് കയ്യിൽ ✅
C. രണ്ടു കയ്യിൽ

68. ഏത് അദ്ധ്യായത്തിൻ്റെ അവതരണത്തോടെയാണ് മദീനക്കാർ തങ്ങളുടെ അളവും തൂക്കവും
നന്നാക്കാൻ തുടങ്ങിയത് ?

A. സൂറത്ത് മുത്വഫ്ഫിഫീൻ ✅
B. സൂറത്ത് ബക്കറ
C. സൂറത്ത് അൽ ഇഖ്ലാസ്

69. ഹൃദയത്തിൽ നിന്ന് പാപക്കറ നീക്കാൻ അനുയോജ്യമായ ഏക ഔഷധം ? ഹദീസിൽ നിന്ന്
മനസ്സിലാകുന്നത് ?

A. വിനയം
B. ദാനപുണ്യം
C. പശ്ചാത്താപം ✅

70. അല്ലാഹുവിങ്കൽ പ്രത്യേക സാമീപ്യസ്ഥാനം സിദ്ധിച്ചവർക്ക് കുടിച്ച് ആസ്വദിക്കുവാനുള്ള ഒരു
ഉറവുജലം ?

A.ഹൗദുൽ കൗസർ
B. തസ്നീം ✅

C. സാം സാം

71. മനുഷ്യൻ കിടമത്സരവും അശ്രാന്ത പരിശ്രമവും നടത്തേണ്ടത് എന്തിന് വേണ്ടിയാണെന്നാണ്
ഖുർആൻ പറയുന്നത്? (സൂറ: മുത്വഫ്ഫിഫീൻ)

A. സ്വർഗ്ഗം നേടാൻ ✅
B. വിജയം നേടാൻ
C. മറ്റുള്ളവരിൽ പ്രശംസ നേടാൻ

72. ഇസ്ലാമിൻ്റെ എതിരാളികളിൽ പലപ്പോഴും കാണപ്പെടുന്ന ഒരു സ്വഭാവം ?

A. പരിഹാസം ✅
B. അഹങ്കാരം
C. ധൈര്യം

73. ഐഹികജീവിതത്തിൽ മനുഷ്യന് നൽകപ്പെട്ട സ്വാതന്ത്ര്യവും കഴിവും നഷ്ടപ്പെട്ട് നിസ്സഹായനാവുന്നത് എപ്പോൾ?

A. ഉറക്കത്തിൽ
B. അന്ത്യനാൾ ✅
C. വാർധക്യത്തിൽ

74. നബി (സ) എത്ര തവണ ജിബ്‌രീൽ (അ) നെ സാക്ഷാൽ രൂപത്തിൽ കണ്ടിട്ടുണ്ട് ?

A. 1 തവണ
B. 2 തവണ ✅
C. 3 തവണ

75. സ്വർഗ്ഗം അടുപ്പിക്കപ്പെടുന്നത് ആരിലേക്ക് ?

A. ഭയഭക്തന്മാരിലേക്കാണ് ✅
B. നീതിമാന്മാരിലേക്കാണ്
C. സാധാരണ ജനങ്ങളിലേക്കാണ്

76. ജ്വലിക്കുന്ന നരകം വെളിവാക്കപ്പെടുന്നത് ആർക്ക് മുന്നിൽ ?

A. കൃത്യമായി നമസ്ക്കരിക്കാത്തവർക്ക്
B. ദുർമാർഗ്ഗികൾക്ക് ✅
C. അഹങ്കാരികൾക്ക്

77. മലക്കുകളുടെ ആവാസ കേന്ദ്രം ?

A. പാറ
B. മലഉൽ അഌാ ✅
C. സ്വർഗ്ഗം

78. മലക്കുകളുടെ നേതാവ് ?

A. മിഖായേൽ (അ)
B. ജിബ്‌രീൽ (അ) ✅
C. അസ്രായേൽ (അ)

79. നബി (സ) ക്ക് ഖുർആൻ എത്തിച്ച് കൊടുത്തിരുന്ന മലക്ക് ?

A. ജിബ്‌രീൽ (അ) ✅
B. മിഖായേൽ (അ)
C. അസ്രായേൽ (അ)

80. സൂറത്ത് അബസയിലൂടെ നബി (സ) യെ ആക്ഷേപിക്കുവാൻ കാരണക്കാരനായ അന്ധനായ
സ്വഹാബി ?

A. അബ്ദുല്ലാഹ് ഇബ്നു ഉമ്മു മക്തൂം (റ) ✅
B. അബൂ ഹുറൈറ (റ)
C. ബിലാൽ (റ)

81. ഓരോ മനുഷ്യനും മറ്റൊരാളെ കുറിച്ച് ചിന്തയോ ഓർമ്മയോ ഉണ്ടാകാത്ത തൻ്റെ കാര്യം മാത്രം
ഓർത്ത് ഭയപ്പെടുന്ന ദിവസം ? (സൂറ: അബസ)

A.ഖബർ ജീവിതത്തിൽ
B. അന്ത്യനാളിൽ ✅
C.ബർസാക് ജീവിതത്തിൽ

82. ഞാനല്ലാതെ മറ്റൊരു ഇലാഹും നിങ്ങൾക്കുള്ളതായി ഞാൻ അറിയുന്നില്ല എന്ന് തൻ്റെ ജനതയോട്
അഹങ്കാരത്തോടെ പ്രഖ്യാപിച്ചത് ആര് ?

A. നമ്രൂദ്

B. ഫിർഔൻ ✅
C. ഖാറൂൻ

83. സജ്ജനങ്ങൾക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് പ്രതിഫലം നൽകപ്പെടുന്നതിനെ കുറിച്ച് ഖുർആൻ
വിശേഷിപ്പിക്കുന്നത് ? (സൂറ: നബഅ്)

A. മതിയായ സമ്മാനം ✅
B. വലിയ പ്രതിഫലം
C. സന്തോഷം

84. പരലോകത്ത് വെച്ച് ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനെ എന്ന്
നിലവിളിക്കുന്നതാര് ? (നബഅ്)

A.അഹങ്കാരികൾ
B. അവിശ്വാസികൾ ✅
C. വിശ്വാസികൾ

85. അന്ത്യനാളിൽ ശുപാർശക്ക് അനുമതി നൽകപ്പെടുകയും ശരിയായത് പറയുകയും ചെയ്യുന്നത് ആര്?
(സൂറ: നബഅ്)

A. തൗഹീദിൽ അടിയുറച്ചവർ ✅
B. അവിശ്വാസികൾ
C.മുനാഫിക്കുകൾ

86. നബി(സ) ചൂണ്ടാണിവിരലും നടുവിരലും അകറ്റിപ്പിടിച്ച് കൊണ്ട് പറഞ്ഞു
ഞാനും...........സ്വർഗത്തിൽ ഇപ്രകാരം ആയിരിക്കും. (നബിവചനം)

A. അനാഥയെ ഏറ്റെടുത്തവനും ✅
B. പിതാവിനോടു ദയാലുവായവനും
C.നമസ്ക്കാരം നിലനിർത്തിയവനും

87. ഖുറൈശ് ഗോത്രത്തെ കുറിച്ച് മാത്രം പ്രസ്താവിക്കപ്പെട്ടിട്ടുള്ള അദ്ധ്യായമാണ്.

A. സൂറത്ത് ഖുറൈശ് ✅
B. സൂറത്ത് നസ്ർ
C. സൂറത്ത് മാവൂൻ

88. ഖുറൈശികൾക്ക് കീർത്തിയും സ്വാധീനവും സിദ്ധിക്കാൻ കാരണം അവർ...........

ആയതിനാലാണ്.

A.അറിവുള്ളവർ
B. കഅബയുടെ സംരക്ഷകർ ✅
C. ധനികർ

89. നബി(സ) പറയുന്നു.
......... നെ നിങ്ങൾ സൂക്ഷിക്കണം കാരണം, അവ മനുഷ്യന്റെ മേൽ ഒരുമിച്ച് കൂടി അവനെ നാശത്തിലകപ്പെടുത്തും. (നബിവചനം)

A. നിസ്സാരമായ പാപങ്ങൾ ✅
B. വലിയ പാപങ്ങൾ
C. കള്ളവുപറയുന്നവരെ

90. ആത്മപരിശുദ്ധി വരുത്തിയവൻ ഭാഗ്യവാനും ആത്മകളങ്കം വരുത്തിയവൻ.........? (സൂറ: ശംസ്)

A. ദൗർഭാഗ്യവാൻ ✅
B. വിഡ്ഢികൾ
C. വിജയം നേടിയവൻ

91. നിഷേധം, ദുർവൃത്തി, ദുസ്വഭാവം എന്നിവ എന്തിനെ ബാധിക്കുന്നു?
A. ശരീരം
B. ആത്മാവ് ✅
C. സമൂഹം
92. അല്ലാഹു പറയുന്നു: "അറിയുക, ........ കൊണ്ടാണ് ഹൃദയങ്ങൾ സമാധാനം അടയുന്നത്."
A. സമ്പത്തിലൂടെ
B. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ ✅
C. വിശ്വാസം
93. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുതെന്ന് തന്റെ ജനതയോട് പ്രബോധനം ചെയ്ത പ്രവാചകൻ ആര്?
A. ശുഅയ്ബ് (അ) ✅
B. ഹൂദ് (അ)
C. സാലിഹ് (അ)
94. അന്ത്യനാൾ വന്നെത്തുന്ന ദിവസം ഒരാളും തന്നെ അല്ലാഹുവിന്റെ അനുവാദമില്ലാതെ
..........ഇല്ല?

A. സംസാരിക്കുകയില്ല ✅
B. വിശ്രമിക്കുകയില്ല
C. ഉറങ്ങുകയില്ല

95. മനുഷ്യനെ ഉപദ്രവിക്കുന്ന രണ്ട് തരം പിശാചുകളിൽ ഒന്ന് ?

A. ജിന്നിൽപെട്ട പിശാചുക്കൾ ✅
B. മൃഗങ്ങളായ പിശാചുക്കൾ
C. അദൃശ്യമായ പിശാചുക്കൾ

96. നബി(സ) സൂറ: കാഫിറൂനും ഇഖ്‌ലാസും ഓതാറുണ്ടായിരുന്ന നമസ്കാരത്തിലെ ഒരു സന്ദർഭം?
A. ത്വവാഫിന് ശേഷം സുന്നത് ✅
B. ജുമുഅ നമസ്ക്കാരത്തിൽ
C. ഇഷാ നമസ്ക്കാരത്തിൽ

97. ഹൗളിൽ കൗസറിൽ നിന്ന് ആട്ടിയകറ്റപ്പെടുന്നത് ആര് ?
A. ബിദ്അത്ത് ചെയ്തവർ ✅
B. ധിക്കാരികളെ
C. അഹങ്കാരികൾ

98. നമസ്കാരക്കാർക്ക് നാശം എന്ന് ഖുർആൻ പറയുന്ന മൂന്ന് വിഭാഗത്തിലെ ഒരു വിഭാഗം ?
A.നമസ്ക്കാരത്തിൽ അശ്രദ്ധയുള്ളവർ ✅
B. മുനാഫിക്കുകൾക്ക്
C. അഹങ്കാരികളക്ക്

99. സൂറത്ത് ഇഖലാസിൻ്റെ മറ്റു പേരുകൾ ?

A. അസാസ്,മഅ്രിഫ,അത്തൗഹീദ് ✅
B. അൽ വാഖിയ,മാനിഅ്,മുന്ജിയ
C. ഉമ്മുൽ കിതാബ്,ഉംമുൽ ഖുർആൻ, അൽ ഹംദ്

100. നബി (സ)യോട് സൂറത്ത് നസ്റിലൂടെ യാത്രയ്ക്ക് ഒരുങ്ങിക്കൊള്ളാൻ സൂചന നൽകിക്കൊണ്ട് നൽകിയ 2 നിർദ്ദേശങ്ങൾ ഏവ?

A. ധാരാളമായി തസ്ബീഹ് ചൊല്ലുവാനും പാപമോചനം തേടുവാനും ✅
B. സദഖ നൽകുവാനും ജിഹാദ് നടത്തുവാനും
C. ഉപവാസം പാലിക്കുവാനും നമസ്കാരം വർധിപ്പിക്കുവാനും

101 കഅബയെ ത്വവാഫ് ചെയ്ത് കഴിഞ്ഞ ശേഷം നബി (സ) ഓതാറുണ്ടായിരുന്ന 2 സൂറത്തുകൾ ?

A സൂ: കാഫിറൂൻ, ഇഖ്ലാസ് ✅

B സൂ: ഫീൽ, ഖുറൈശ്

C സൂ: സജദ, മുൽക്ക്

102. മനുഷ്യൻ നഷ്ടക്കാരിൽ പെട്ട് പോകാതിരിക്കാൻ അനുഷ്ഠിക്കേണ്ട നാലു കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ?

A വിശ്വസിക്കുക, ✅

B. നന്മയെ കൽപിക്കുക

C. അള്ളാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക

103. മനുഷ്യൻ സദാ ഓർമ്മിച്ചുകൊണ്ടിരിക്കേണ്ടതും ഓർമ്മിക്കുന്നവർക്ക് നിത്യസമാധാനവും സൽപ്രതീക്ഷയും ലഭിക്കുന്നതുമായ, ഖുർആൻ ആവർത്തിച്ച് പറയുന്ന വചനം?

A. ദീനിന് വേണ്ടി കഠിനാധ്വാനം ചെയ്യുന്നവർക്ക് സമാധാനമുണ്ട്

B ഞെരുക്കത്തോടപ്പം ഒരു സൗകര്യം ഉണ്ടായിരിക്കും ✅

C മതത്തിൽ അടിയുറച്ച് നിൽക്കുന്നവർക്ക് സൊർഗത്തിൽ അള്ളാഹുവിന്റെ വിരുന്നുണ്ട്

104. സൂറ: ളുഹയിലൂടെ അല്ലാഹു നബി (സ) യോട് നിർദ്ദേശിക്കുന്ന 3 ഉപദേശങ്ങൾ?

A: അനാഥയെ സംരക്ഷിക്കുക, ചോദിച്ച് വരുന്നവരെ ആട്ടിയകറ്ററുത്, അനുഗ്രഹങ്ങളെ നന്ദിപൂർവ്വം സ്മരിക്കുക ✅

B അള്ളാഹുവിനെ മാത്രം ആരാധിക്കുക, പാവങ്ങളെ സഹായിക്കുക, നമസ്കാരം നിലനിർത്തുക

C എപ്പോഴും പരലോകത്തെ ഓർക്കുക, അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനാവുക, അനാഥകളെ സംരക്ഷിക്കുക

105. രക്തബന്ധമുള്ളവർക്ക് ദാനം കൊടുക്കുന്നത് 2 ധർമ്മമാകുന്നു, കാരണം? (നബിവചനം)

A ധർമ്മവും കുടുംബ ബന്ധം പാലിക്കലും ✅

B ധർമ്മവും, പരസ്പരം സ്നേഹം ഊട്ടിയുറപ്പിക്കാനും

C ദാനം ചെയ്യലും കുടുംബത്തെ സഹായിക്കലും

106. ധനത്തിന് വേണ്ടി ജീവിതം തള്ളിനീക്കുന്ന മനുഷ്യന് തൻറെ നാഥനിൽ നിന്ന് ലഭിച്ച അവകാശം ?????

A മനുഷ്യൻ തിന്നത്, ഉടുത്തത്, ധർമ്മം നൽകിയത് ✅

B മനുഷ്യൻ വിട്ടേച്ച് പോയത്, സമ്പത്ത്,

C അള്ളാഹുവിന്റെ കോപവും ശിക്ഷയും

107. 5 കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടാതെ മനുഷ്യന്റെ കാലടികൾ വിചാരണ നിലയം വിട്ട്
നീങ്ങുകയില്ല. (നബി വചനം) ഏതെല്ലാമാണ് 5 കാര്യങ്ങൾ ?
A സമ്പത്ത്, ആരോഗ്യം, അറിവ്, പ്രവർത്തനങ്ങൾ, ആയുസ്സ്
B യുവത്വം, സമ്പത്ത്, ആരോഗ്യം, ഒഴിവ് സമയം, ബുദ്ധി
C ആയുഷ് കാലം, യുവത്വം, ധനം, എവിടെ നിന്ന്, എന്തിൽ ചിലവഴിച്ചു, അറിവ് ✅

108. അന്ത്യനാളിൽ ഭൂമി അതിൻ്റെ വർത്തമാനങ്ങൾ പറയുന്നതാണ് (സൂറ: സൽസല). എന്താണ്
അതിന്റെ വർത്തമാനങ്ങൾ ?
A ഓരോ അടിയാനും അതിന്റെ മീതെ വെച്ച് ചെയ്തത് ✅
B അതിന്റെ വർത്തമാനങ്ങൾ
C മനുഷ്യന്റെ ഓരോ അടക്കങ്ങളെയും കുറിച്ച്

109. ഹുനഫാഅ് എന്ന വാക്കിൻ്റെ വിവക്ഷ ?
A ചൊവ്വയായ സത്യ മാർഗത്തിലേക്ക് തിരിഞ്ഞവർ ✅
B ജീവിതത്തിൽ സൂക്ഷ്മത മുറുകെ പിടിച്ചവർ
C നിഷ്കളങ്കമായി അമലുകൾ ചെയ്തവർ

110. വേദക്കാരെ സംബന്ധിച്ചിടത്തോളം മുൻഗ്രന്ഥങ്ങളിലെന്ന പോലെ ഖുർആനിലൂടെയും
ശാസിക്കപ്പെടുന്ന കാര്യങ്ങൾ ?
A നോമ്പ്, സത്യ സന്തത, നമസ്കാരം
B തൗഹീദ്, നമസ്കാരം, സകാത്ത് ✅
C ദാനം ചെയ്യൽ, സകാത്ത്, നമസ്കാരം

111.സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശമായവർ ആര് ? (ബയ്യിന)

A വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട അവിശ്വസിച്ചവർ ✅
B വേദക്കാർ
C ബഹുദൈവ വിശ്വാസികൾ

112. ലൈലത്തുൽ ഖദ്ർ എന്നാലെന്ത്?

A ആയിരം മാസത്തേക്കാൾ ഉത്തമമായത് ✅
B മിഅ്റാജിന്റെ രാത്രി
C ബറാഅത്തിന്റെ രാത്രി

113. ഒരു അടിയാൻ നമസ്കരിക്കുമ്പോൾ അദ്ദേഹത്തെ വിരോധിക്കുന്ന ആളെ നീ കണ്ടുവോ? ആരാണ്
നബിയെ വിരോധിച്ച ആൾ ?
A അബൂജഹൽ ✅
B അബൂ ലഹബ്
C ഉത്ബ

114. ചെരുപ്പിൻ്റെ വാർ മുറിയുമ്പോൾ പോലും അതിന് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ
നബി വചനത്തിലൂടെ നാം പഠിപ്പിക്കപ്പെടുന്നു, കാരണം?

A മനുഷ്യരുടെ ബലഹീനത
B ചെറിയ വിഷമം വന്നാൽ പോലും അള്ളാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുക
C നിസ്സാരമായ കാര്യങ്ങളായാൽ പോലും അള്ളാഹുവിന്റെ സഹായം കൂടാതെ സാദ്ധ്യമല്ല ✅

115. ആത്മപരിശുദ്ധിക്ക് വേണ്ടി ധനം ചിലവഴിക്കുന്നവൻ എന്നത് കൊണ്ടുദ്ദേശം?
A ചില വഴിക്കുന്നത് ആളുകളെ കാണിക്കാൻ വേണ്ടിയല്ല
B അള്ളാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ച് ചിലവഴിക്കുന്നവൻ ✅
C സമ്പത്തിൽ ബർകത്ത് ഉണ്ടാകാൻ വേണ്ടി ചിലവഴിക്കുന്നവൻ

116. മനുഷ്യനെ സൃഷ്ടിച്ച് ശരിപ്പെടുത്തിയ ശേഷം മനുഷ്യന് നൽകിയ ഒരു പ്രത്യേക കഴിവിനെ സൂറ
ശംസിലൂടെ അല്ലാഹു ഉണർത്തുന്നു എന്താണാ കഴിവ്?
A നന്മയും തിന്മയും വേർതിരിച്ച് മനസ്സിലാക്കാനുള്ള കഴിവ് ✅
B വിശേഷബുദ്ധി
C തിരിച്ചറിവ്

117. ആത്മ പരിശുദ്ധി നേടുന്നത് എന്തെല്ലാം കാര്യങ്ങൾ മൂലമാണ്?
A.സത്യവിശ്വാസം, സൽകർമ്മം, സൽസ്വഭാവം ✅
B.ജീവിത വിശുദ്ധി, സൂക്ഷ്മത, സൽസ്വഭാവം
C.ഉറച്ച വിശ്വാസം, നല്ല പ്രവർത്തനങ്ങൾ, ധനസഹായം

118. അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുന്നവർ ഏത് പക്ഷക്കാരാണ് ?
A വലത് പക്ഷക്കാർ
B രണ്ടുമല്ല
C ഇടത് പക്ഷക്കാർ ✅

119. കുട്ടിയെ കൊല്ലാനുള്ള രാജാവിൻ്റേയും അനുയായികളുടേയും യജ്ഞം ഫലം കണ്ടത് എപ്പോൾ?

A അള്ളാഹുവിന്റെ നാമത്തിൽ കുട്ടിയുടെ നേരെ എറിഞ്ഞപ്പോൾ ✅
B ലാഇലാഹ ഇല്ലള്ളാഹ് എന്ന് പറഞ്ഞു കൊണ്ട് എറിഞ്ഞപ്പോൾ
C കുട്ടി ഉറക്കെ തക്ബീർ മുഴക്കിയപ്പോൾ

120.കൂട്ടം കൂട്ടമായി സത്യവിശ്വാസം സ്വീകരിച്ച ജനങ്ങൾക്ക് രാജാവ് വിധിച്ച ശിക്ഷയെന്ത്?
A കൂട്ടത്തോടെ അഗ്നികുണ്ഠത്തിലിട്ടു ✅
B ചാട്ടവാർ കൊണ്ട് അടിച്ചു
C ജയിലിൽ അടച്ചു

121. അളവിലും തൂക്കത്തിലും മര്യാദ പാലിച്ചാൽ ഉണ്ടാകുന്ന നേട്ടം സുറ. ഇസ്രാഇലൂടെ അല്ലാഹു
നമ്മെ ഉണർത്തുന്നത്?
A സമ്പത്തിൽ അഭിവൃദ്ധി
B മഹ്ശറയിൽ തണൽ
C നല്ല പര്യവസാനം ✅

122. അളവിൽ കൃത്രിമം കാണിക്കുന്ന ആളുകളുടെ ഭൂമിയിലെ നഷ്ടങ്ങൾ എവ ?
A ഉൽപാദനം തടയപ്പെടും, ക്ഷാമം പിടിപ്പെടും ✅
B കച്ചവട നഷ്ടം, സാമ്പത്തിക മാന്ദ്യം
C വിശ്വാസ്യത കുറയും, ബറകത്ത് ഇല്ലാതാകും

123. ഖിയാമത്ത് നാളിനെ നോക്കി കാണുവാൻ ഇഷ്ടപ്പെടുന്നവർ ഏതെല്ലാം സൂറത്തുകൾ
ഓതിക്കൊള്ളട്ടെ എന്നാണ് നബി (സ) നമ്മെ പഠിപ്പിക്കുന്നത്
A.ഖമർ,ഹജ്ജ്, ഇൻഫിതാർ
B.സൽസല, ശംസ്, ഇൻഷിഖാഖ്
C.തഖ് വീർ, ഇൻഫിതാർ,ഇൻഷിഖാഖ് ✅

124. ധിക്കാരിയായിരുന്ന ഫിർഔന് അല്ലാഹുവിൽ നിന്ന് ലഭിച്ച ശിക്ഷ?
A അഗ്നിക്കിരയാക്കിക്കൊന്നു
B നൈലിൽ മുക്കി കൊന്നു ✅
C മാരഗ അസുഖം കൊണ്ട്

125. സൽകർമ്മങ്ങൾക്ക് നിദാനമായ 2 കാര്യങ്ങൾ?
A റബ്ബിനെ കുറിച്ച് ഭയം, ദേഹേച്ഛയിൽ നിന്ന് സ്വന്തത്തെ തടയുക ✅

B അള്ളാഹു എല്ലാം കാണുന്നു എന്ന ബോധം, തിന്മയിൽ നിന്ന് മാറി നിൽക്കുക
C അള്ളാഹുവിനെ സ്നേഹിക്കുക, നന്മയെ കൽപിക്കുക

126. ദുഷ്കർമ്മങ്ങൾക്ക് നിദാനമായ 2 കാര്യങ്ങൾ?

A യാഥാർത്ഥ്യങ്ങളെ ധിക്കരിക്കുക, ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുക ✅
B സത്യത്തെ മൂടിവെക്കുക, തിന്മകളിൽ സമയം ചിലവഴിക്കുക
C കളവ് പതിവാക്കുക, ജീവിതത്തിൽ സൂക്ഷ്മത ഇല്ലാതിരിക്കുക

127. മുശ്രിക്കുകൾ പരസ്പരം ചോദ്യം ചെയ്ത് കൊണ്ടിരിക്കുന്നത് എന്തിനെ കുറിച്ചാണ്?
A മഹത്തായ വൃത്താന്തം അഥവാ അന്ത്യനാൾ ✅
B അവരുടെ ദൈവങ്ങളെ കുറിച്ച്
C സ്വർഗം, നരഗത്തെ കുറിച്ച്

128. പരലോകത്ത് വച്ച് സത്യനിഷേധികൾക്ക് ലഭിക്കുന്ന ഹമീം എന്ന ഉറവ്ജലം കൊണ്ടുദ്ദേശം?
A കഠിന തണുപ്പുള്ള ഉറവു ജലം
B നരകത്തിലെ കടുത്ത ചൂടുള്ള ഒരു ഉറവു ജലം
C വായയും കുടലും വെന്തുരുകുന്ന അത്യുഷ്ണ ജലം ✅

129. ഖുർആനിൽ നിന്ന് അവതരിക്കപ്പെട്ട ആദ്യ വാക്യം?
A ഇഖ്റഅ് (നീ വായിക്കുക) ✅
B ബിസ്മില്ലാഹി റഹ്മാനി റഹീം
C അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ

130. സത്യനിഷേധികൾക്ക് യോജിച്ച നരകത്തിലെ അസഹനീയമായ ശിക്ഷ ലഭിക്കാൻ ഇടയാക്കിയ
കാരണം ?
A അവർ വിചാരണയെ പ്രതീക്ഷിച്ചില്ല ✅
B മരണത്തെ അഭിമുഖീകരിക്കണമെന്ന ചിന്ത ഉണ്ടായിരുന്നില്ല
C അശ്രദ്ധയിൽ മുഴുകുന്നവരോടപ്പം മുഴുകി

131. ഖുറൈശികൾ ഉഷ്ണകാലത്ത് കച്ചവടയാത്ര നടത്തിയിരുന്നത് ഏത് രാജ്യത്തേക്കായിരുന്നു?
A ഹബ്ശ
B മിസ്ർ
C ശാം (സിറിയ) ✅

132. ഖിയാമത്ത് നാളിൽ മനുഷ്യൻ ഏത് വിധം ആയിത്തീരുന്നതാണ്. (സൂറ: ഖാരിഅ)

A ചിന്നിച്ചിതറിയ പാറ്റയെ പോലെ ✅
B കടഞ്ഞു വിതറപ്പെട്ട പഞ്ഞു പോലെ
C കടപുഴകി വീണ ഈന്തപ്പനത്തടികൾ പോലെ

133. മനുഷ്യന് കഠിനമായ സ്നേഹം എന്തിനോടാണ്? (സൂറ: ആദിയാത്ത്)
A ദുൻയാവിനോട്
B ധനത്തോട് ✅
C അള്ളാഹുവിനോട്

134. നബിയേ നിന്റെ റബ്ബ് നിന്നെ വിട്ടുകളഞ്ഞിട്ടില്ല.. നിന്നോട് ദേഷ്യം കാട്ടിയിട്ടുമില്ല എന്ന് പറഞ്ഞതാര് ?
A അല്ലാഹു ✅
B അബൂബക്കർ (റ)
C ഉമർ (റ)

135. പിശുക്ക് കാണിക്കുകയും സ്വയം ധന്യത നടിക്കുകയും സത്യത്തെ വ്യാജമാക്കുകയും ചെയ്തവന്
ഏത് വിധേനയാണ് സൗകര്യം ചെയ്ത് കൊടുക്കുന്നത് ?
A രോഗം കൊണ്ട്
B സാമ്പത്തിക നഷ്ടം കൊണ്ട്
C പ്രയാസം ✅

136. സൂറത്ത് ബലദ് ഏത് നഗരത്തെ കുറിച്ചു സൂചന നൽകുന്നു?
A മക്ക ✅
B മദീന
C ശാം

137. ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായം?
A സൂറ കൗഥർ ✅
B സൂറ അസർ
C സൂറ നസ്ർ

138. പത്ത് തവണ ആവർത്തിച്ച് പാരായണം ചെയ്താൽ അവന് സ്വർഗ്ഗത്തിൽ ഒരു ഭവനം ലഭിക്കുമെന്ന്
വാഗ്ദാനം ചെയ്യപ്പെട്ട അദ്ധ്യായം?

A സൂറത്ത് ഇഖ്ലാസ് ✅
B സൂറ. ഫാത്തിഹ
C സൂറ. യാസീൻ

139. ഒരേ സമയം അവതരിച്ച 2 സൂറത്തുകൾ?

A സൂറ: ഫലഖ്, സൂറ: നാസ് ✅
B സൂറ നസ്ർ, സൂറ ഖുറൈശ്
C സൂറ ഫീൽ, സൂറ ഹുമസ

140. ഖുർആനിലെ ആദ്യവചനം അവതരിക്കുമ്പോൾ പ്രവാചകൻ(സ) യുടെ വയസ്സ് എത്ര ആയിരുന്നു?

A) 40 ✅
B) 25
C) 60

141. ഖുർആനിൽ നിന്ന് അവതരിക്കപ്പെട്ട ആദ്യ വാക്യം?

A) ഇഖ്റഅ് (വായിക്കുക) ✅
B) അൽഹംദുലില്ലാഹ്
C) കുല്ഹുവല്ലാഹു അഹദ്

142. കിടങ്ങിന്റെ ആളുകളെ കുറിച്ച് വിവരിക്കുന്ന അദ്ധ്യായം?

A) സൂറ ബുറൂജ് ✅
B) സൂറ ബയ്യിന
C) സൂറ ഗാശിയ

143. പെൺകുട്ടികളെ ജീവനോടെ കുഴിച്ച് മൂടുന്നവരെ താക്കീത് ചെയ്യുന്ന അദ്ധ്യായം?

A) സൂറ തക്‌വീർ ✅
B) സൂറ നസർ
C) സൂറ അദിയാത്ത്

144. ഒരു പ്രയാസത്തോടൊപ്പം ഒരു എളുപ്പമുണ്ട് എന്ന് വാഗ്ദാനം നൽകുന്ന അദ്ധ്യായം?

A) സൂറത്ത് ഇൻശിറാഹ് ✅
B) സൂറത് ദുഹാ
C) സൂറത്ത് ലൈൽ

145. "മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയിലായിക്കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു." ഏത് അദ്ധ്യായം?

A) സൂറ തീൻ ✅

B) സൂറ ക്വാരിഅ
C) സൂറ ബലദ്

146. മൂസയും ഇബ്രാഹീമും നാമം കൊണ്ട് അവസാനിക്കുന്ന അദ്ധ്യായം?
A) സൂറ അഅ്ലാ ✅
B) സൂറ നാസർ
C) സൂറ ഗാശിയ

147. അബ്ദുല്ല ബിൻ ഉമ്മ് മക്തൂം (റ) യുമായി ബന്ധപ്പെട്ട സംഭവം വിവരിക്കുന്ന അദ്ധ്യായം?
A) സൂറ അബസ ✅
B) സൂറ ദുഹാ
C) സൂറ ലൈൽ

148. അറബി അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും ഉൾക്കൊള്ളുന്ന അദ്ധ്യായം?
A) സൂറ ഗാശിയ ✅
B) സൂറ മഅൂൻ
C) സൂറ ഫീൽ

149. സൂറ തക്‌വീർ വഴി "മാന്യനായ ദൂതൻ" എന്ന് പറയുന്നത് ആര്?
A) ജിബ്‌രീൽ (അ) ✅
B) ഇസ്രാഫീൽ (അ)
C) മിഖായീൽ (അ)

150. സൂറത്ത് ഹുമസയിലൂടെ അല്ലാഹുവിൻ്റെ ശാപത്തിന് പാത്രമാകേണ്ടി വന്നവർ?
A) കുത്ത് വാക്ക് പറയുന്നവർ, കുറവാക്കുന്നവർ ✅
B) കളവ് പറയുന്നവർ
C) നമസ്കരിക്കാത്തവർ

151. പണം എണ്ണിക്കണക്കാക്കുന്ന മനുഷ്യൻ വലിച്ചെറിയപ്പെടുന്നത് എവിടേക്ക്?
A) ഹുത്വമ (ജ്വലിക്കപ്പെട്ട അഗ്നി) ✅
B) ജഹന്നം
C) സക്കാർ

---

152. ഖാരിഅ: എന്നാൽ എന്താണ് ഉദ്ദേശം?
A) ഭയങ്കര സംഭവം (അന്ത്യനാൾ) ✅
B) സ്വർഗം
C) നരകം

153. കുതിരയെ കുറിച്ച് സത്യം ചെയ്ത അദ്ധ്യായം?
A) സൂറത്ത് ആദിയാത്ത് ✅
B) സൂറ ബലദ്
C) സൂറ തകാസുർ

154. സൂറ ബയ്യിനയിലെ "മികച്ച മനുഷ്യർ" ആര്?
A) വിശ്വസിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്നവർ ✅
B) സമ്പന്നർ
C) യുദ്ധക്കാർ

155. ആയിരം മാസത്തേക്കാൾ ഉത്തമമായ രാത്രി?
A) ലൈലത്തുൽ ഖദ്ർ ✅
B) മുഹറം
C) അറഫ

156. സൂറത്ത് ഖദ്റിലെ "റൂഹ്" എന്ന് പറയുന്നത് ആരെ കുറിച്ച്?
A) ജിബ്രീൽ (അ) ✅
B) ആത്മാവ്
C) മനുഷ്യൻ

157. സ്വാലിഹ് (അ) നെയും ഒട്ടകത്തെയും കുറിച്ച് പറയുന്ന അദ്ധ്യായം?
A) സൂറ അശ്ശംസ് ✅
B) സൂറ ഫജർ
C) സൂറ ബാലദ്

158. പെരുന്നാൾ നമസ്കാരത്തിലും ജുമുഅയിലും പാരായണം ചെയ്തിരുന്ന 2 സൂറകൾ?

A) സൂറ അഅ്ല, സൂറ ഗാശിയ ✅

B) സൂറ ദുഹാ, ഇൻശിറാഹ്

C) സൂറ തീൻ, ബലദ്

159. സൂറ ബുറൂജിലൂടെ പരാമർശിച്ച يوم الموعود കൊണ്ട് ഉദ്ദേശം?

A) അന്ത്യനാൾ ✅

B) ഇഹലോകം

C) സ്വർഗം

160. കുറ്റവാളികളുടെ കണക്കുകൾ രേഖപ്പെടുത്തുന്നത് എവിടെ?

A) സിജ്ജീൻ ✅

B) ഇല്ലീയ്യീൻ

C) ജഹന്നം

161. സൽകർമ്മം ചെയ്തവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്നത് എവിടെയാണ്?

A) ഇല്ലിയ്യീൻ ✅

B) സിജ്ജീൻ

C) ഹുത്വമ

162. അല്ലാഹു പരാമർശിക്കുന്ന "ഏറ്റവും ഉത്തമമായതും, എന്നും അവശേഷിക്കുന്നതുമായതും" എന്ത്? (സൂറത്ത് അഅ്ല)

A) പരലോകം ✅

B) ലോകം

C) സ്വർഗ്ഗം

163. സ്വർഗ്ഗീയ പാനീയത്തെ കുറിച്ച് സൂറത്ത് മുത്വഫ്ഫിഫീനിൽ പറയുന്ന പേര്?

A) റഹീൻ മഖ്തൂം ✅

B) കൌസർ

C) തസ്നീം

164. സഖൂം വൃക്ഷത്തിൽ നിന്ന് ഭക്ഷണവും ചുട്ടുപഴുത്ത പാനീയവും ആർക്കാണ്?

A) നരകവാസികൾക്ക് ✅
B) സ്വർഗ്ഗവാസികൾക്ക്
C) കുറ്റവാളികൾക്ക്

165. "ഏതൊരാൾക്കും ചോദിക്കാനും രക്ഷതേടാനും ഇവയെ പോലെ മറ്റൊന്നില്ല" എന്ന് നബി(സ) പറഞ്ഞത് എന്തിനെ കുറിച്ചാണ്?
A) സൂറ ഫലഖ്, സൂറ നാസ് ✅
B) സൂറ ഇഖ്ലാസ്
C) സൂറ ബയ്യിന

166. നബി(സ) ആർക്കൊക്കെ വേണ്ടിയാണ് ശരണം തേടി പ്രാർത്ഥിച്ചത്?
A) ഹസൻ(റ), ഹുസൈൻ(റ) ✅
B) അബൂബക്കർ(റ), ഉമർ(റ)
C) ഫാതിമ(റ), ആയിഷ(റ)

167. ഖുർആനിന്റെ മൂന്നിൽ ഒരു ഭാഗത്തിന് സമമായ അദ്ധ്യായം?
A) സൂറ ഇഖ്ലാസ് ✅
B) സൂറ ഫലഖ്
C) സൂറ നാസ്

168. സൂറത്ത് മാഊനിൽ വിവരിക്കപ്പെട്ട മതനിഷേധികളുടേയും കപടവിശ്വാസികളുടേയും പ്രത്യേകതകൾ എത്ര?
A) 5 ✅
B) 3
C) 7

169. ഇബ്നു മസ്ഊദ്(റ) യുടെ അഭിപ്രായത്തിൽ മാഊന്റെ ഉദ്ദേശാർത്ഥത്തിൽ പ്രധാനമായത് ഏത്?
A) സകാത്ത് ✅
B) നമസ്കാരം
C) ഹജ്ജ്

170. സ്വന്തത്തോട് അതിർ കവിയുകയും ഐഹികജീവിതത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്നവർക്കുള്ള സങ്കേതസ്ഥാനം?

A) നരകം ✅

B) സ്വർഗം

C) അറാഫ്

171. "ശുദ്ധമാക്കപ്പെട്ട ഏടുകൾ" കൊണ്ടുള്ള ഉദ്ദേശം? (സൂറത്ത് അത്ത്വാ)

A) ഖുർആൻ ✅

B) തൗറാത്ത്

C) ഇൻജീൽ

172. കിടങ്ങിൻ്റെ ആളുകളെ കുറിച്ച് വിവരിക്കുന്ന അദ്ധ്യായം?

A) സൂറ ബുറൂജ് ✅

B) സൂറ തീൻ

C) സൂറ അദിയാത്ത്

173. അല്ലാഹു കാലത്തെ സത്യം ചെയ്ത് മനുഷ്യരെല്ലാം നഷ്ടത്തിലാണ് എന്ന് പ്രഖ്യാപിക്കുന്നത് ഏത് അദ്ധ്യായത്തിൽ?

A) സൂറ അസ്ർ ✅

B) സൂറ ഫജർ

C) സൂറ ദുഹാ

174. സൃഷ്ടികളിൽ ഏറ്റവും ഉത്തമർ ആര്? (സൂറ ബയ്യിന)

A) വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവർ ✅

B) പണ്ഡിതർ

C) രാജാക്കന്മാർ

175. സിജ്ജീനെ കുറിച്ചും ഇല്ലിയ്യീനെ കുറിച്ചും വിശദീകരിക്കപ്പെട്ട അദ്ധ്യായം?

A) സൂറ മുത്വഫ്ഫിഫീൻ ✅

B) സൂറ തകാസുര്

C) സൂറ അസ്ർ

176. മുപ്പതാം ജുസ്ഇലെ അദ്ധ്യായങ്ങളുടെ എണ്ണം?

A) 37 ✅

B) 36

C) 39

177. മുപ്പതാം ജുസ്ഇലെ മദനി സൂറത്തുകളുടെ എണ്ണം?

A) 3 ✅

B) 2

C) 4

178. സൂറത്തുന്നസറിലെ കൽപന പ്രകാരം നബി(സ)യുടെ അവസാന കാലത്ത് അധികം പറഞ്ഞിരുന്ന പ്രാർത്ഥന:

A) ✅ سبحانك اللهم ربنا وبحمدك اللهم اغفر لي

B) اللهم اغفر لي ذنبي كله

C) ربنا آتنا في الدنيا حسنة وفي الآخرة حسنة

179. സൂറത്തു ഇഖ്ലാസിൽ പറഞ്ഞ അല്ലാഹുവിൻ്റെ 5 ഗുണങ്ങൾ:

A) ഒന്നാകുന്നു, നിരാശ്രയൻ, ജനിച്ചവനല്ല, ജനിപ്പിച്ചവനല്ല, അതുല്യൻ ✅

B) മഹാനായവൻ, കരുണാവാനായവൻ, ദാനശീലൻ

C) സൃഷ്ടാവൻ, രക്ഷകൻ, വിധികർത്താവ്

180. സൂറത്തുന്നാസ് മുഖേന അല്ലാഹു നമ്മെ പഠിപ്പിക്കുന്നതെന്ത്?

A) ജിന്നും മനുഷ്യ പിശാചുക്കളിൽ നിന്ന് അല്ലാഹുവിനോട് രക്ഷ തേടുക ✅

B) നമസ്കാരം എങ്ങനെ നിർവഹിക്കണം

C) സകാത്ത് എങ്ങനെ നൽകണം

181. സൂറ ഫലഖിലൂടെ രക്ഷ തേടാൻ പഠിപ്പിക്കപ്പെട്ട 4 കാര്യങ്ങൾ:

A) ✅ 1. സൃഷ്ടികളിൽ നിന്നു

B). ഇരുട്ടിൽ നിന്നു

C). കെട്ടുകളിൽ ഊതുന്നവരിൽ നിന്നു

182 അല്ലാഹു അബൂലഹബിനെ പേര് പറഞ്ഞ് ശപിച്ച് ആക്ഷേപിക്കാൻ കാരണമെന്തായിരിക്കാം ?

A) അല്ലാഹുവിൻ്റെ ദീനിനോടും റസൂലിനോടും കാണിച്ച നീചമായ പെരുമാറ്റം ✅

B) കളവ് പറയുന്നവനായിരുന്നു

C) വഞ്ചിക്കുന്നവനായിരുന്നു

183. നബി(സ)ക്ക് നൽകപ്പെടുന്ന ഹൗളുൽ കൗസറിൻ്റെ ആകൃതിയെന്ത് ?

A) സമചതുരം ✅

B) ത്രികോണം

C) വൃത്തം

184. ശിർക്കും തൗഹീദും തമ്മിൽ ഒരു ബന്ധവും സന്ധിയുമില്ലെന്ന് പ്രഖ്യാപിക്കാൻ കൽപിച്ച
അദ്ധ്യായം ?

A) സൂറ: കാഫിറൂൻ ✅

B) സൂറ: നാസ്

C) സൂറ: ഫലഖ്

185. സൂറത്തുൽ മാഊനിൽ പറഞ്ഞ മതനിഷേധികളുടെയും കപട

വിശ്വാസികളുടെയും ലക്ഷണങ്ങൾ

ഏതെല്ലാം ?

A). യതീമിനെ തള്ളിക്കളയും ✅

B) മിസ്കീനിന് ഭക്ഷണത്തിന് പ്രേരിപ്പിക്കില്ല

C) നമസ്കാരത്തെ4. പരോപകാരം ചെയ്യില്ല

കുറിച്ച് അശ്രദ്ധനായിരിക്കും

186. (വസ്വാസ്) ദുർബോധനത്തിൽ നിന്നും രക്ഷ നൽകുന്നവന്റെ

ഗുണവിശേഷണങ്ങൾ ഖുർആനിൽ പറഞ്ഞത് എന്താണ്?

A. ജനങ്ങളുടെ റബ്ബ്, ഇലാഹ്, രാജാവ് ✅

B. ജനങ്ങളുടെ സഹായി, രാജാവ്, കൈകാര്യ കർത്താവ്

C. ജനങ്ങളുടെ സംരക്ഷകൻ, സഹായി, രാജാവ്

187. മന്ത്രിച്ച് ഊതുന്നവരുടെ കെടുതിയിൽ നിന്ന് രക്ഷ തേടേണ്ടത് ആരോടാണ്?

A. മലക്ക്

B. അല്ലാഹു ✅

C. മുഹമ്മദ് നബി

188. ഇരുകരങ്ങളും നശിക്കട്ടെ എന്ന് ഖുർആൻ ശപിച്ചത് ആരെക്കുറിച്ച്?

A. അബൂജഹൽ

B. അബൂലഹബ് ✅

C. അബൂ താലിബ്

189. ദീനിനെ കളവാക്കുന്നവന്റെ ഒന്നാമത്തെ അടയാളമായി സൂറ മാഊനിൽ പറഞ്ഞത് എന്ത്?

A. നമസ്കാരം ഉപേക്ഷിക്കും

B. മിസ്കീനെ പരിഹസിക്കും

C. യത്തീമിനെ തള്ളിക്കളയും ✅

190. നമസ്കരിക്കുന്നവർക്ക് നാശം എന്തുകൊണ്ട്? (സൂറ മാഊൻ)

A. ശുദ്ധി ഇല്ലാത്തതിനാൽ

B. സ്ഥിരത ഇല്ലാത്തതിനാൽ

C. ശ്രദ്ധ ഇല്ലാത്തതിനാൽ ✅

191. മിസ്കീനുകളുടെ ഏതു കാര്യത്തിലാണ് നാം അതീവ ശ്രദ്ധ കാണിക്കണം എന്ന് സൂറത്തുൽ മാഊനിൽ പറഞ്ഞത്?

A. വസ്ത്ര കാര്യത്തിൽ

B. ഭക്ഷണകാര്യത്തിൽ ✅

C. താമസ കാര്യത്തിൽ

192. മറ്റുള്ളവർ കാണാൻ വേണ്ടി നമസ്കരിക്കുന്നവർക്ക് എന്താണ് ലഭിക്കുക? (സൂറ മാഊൻ)

A. പ്രതിഫലം

B. നരകം

C. നാശം ✅

193. ചെറിയ ചെറിയ പരോപകാരവസ്തുക്കൾ തടയുന്നവർക്ക് ലഭിക്കുന്നത് എന്ത്? (സൂറ മാഊൻ)

A. നാശം ✅

B. നരകം

C. പരലോകത്ത് ഖേദം

194. സൂറത്തുൽ ഹുമസയിൽ നാശം എന്ന് പറഞ്ഞത് ആർക്കാണ്?

A. കളവു പറയുന്നവർക്ക്

B. നമസ്കരിക്കാത്തവർക്ക്

C. കുത്തി പറയുന്നവർക്ക് ✅

195. ധനം സ്വയം പര്യാപ്തമാക്കുമെന്ന വിചാരം ആരുടേതാണ്?

A. പണം സമ്പാദിച്ച് എണ്ണിക്കൂട്ടി വെക്കുകയും ആളുകളെ കുത്ത് വാക്ക് പറയുകയും ചെയ്യുന്നവർ ✅

B. ജനങ്ങളെ കുറ്റപ്പെടുത്തുന്നവർ

C. യത്തീമിനെ സംരക്ഷിക്കാത്തവർ

196. ധനം തന്നെ ശാശ്വതനാക്കുന്നു എന്ന് വിചാരിക്കുന്നവരുടെ പര്യവസാനം എന്ത്? (ഹുമസ)

A. ഹാവിയയിൽ എറിയപ്പെടും

B. ഹുത്വമയിൽ എറിയപ്പെടും (അല്ലാഹുവിന്റെ അഗ്നിയിൽ എറിയപ്പെടും) ✅

C. നരകത്തിന്റെ താഴെത്തട്ടിൽ എറിയപ്പെടും

197. “അല്ലാഹുവിന്റെ ജ്വലിക്കപ്പെട്ട അഗ്നി” എന്ന് വിശേഷിപ്പിച്ച സൂറത്തുൽ ഹുമസയിലെ അറബി പദം ഏത്?

A. سقر

B. هاوية

C. حطمة ✅

198. തീർച്ചയായും മനുഷ്യൻ നഷ്ടത്തിലാണ് എന്ന് സൂറത്തുൽ അസ്വറിൽ അല്ലാഹു സത്യം ചെയ്ത് പറഞ്ഞ കാര്യം ഏത്?

A. പ്രഭാതം

B. കാലം ✅

C. സൂര്യൻ

199. അല്ലാഹുവിന്റെ അഗ്നി എവിടേക്കാണ് എത്തി നോക്കുന്നത്? (ഹുമസ)

A. ശരീരങ്ങളിൽ

B. ഹൃദയങ്ങളിൽ ✅

C. ആമാശയങ്ങളിൽ

200. മനുഷ്യൻ പരസ്പരം കണ്ടുമുട്ടുമ്പോൾ ഉപദേശിക്കേണ്ട രണ്ട് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന്? (സൂറത്തുൽ അസ്ർ)

A. കാരുണ്യത്തെക്കുറിച്ച്

B. നമസ്കാരത്തെക്കുറിച്ച്

C. ക്ഷമയെക്കുറിച്ച് ✅